3. പ്രൊപ്പല്ലർ ഷാഫ്റ്റ് തകരാർമൂലം അപകടങ്ങൾ സംഭവിക്കാതിരിക്കാനുള്ള സംരക്ഷണ നടപടികൾ എടുത്തിട്ടുണ്ട്.

4. മദ്യപിച്ച് വാഹനം ഓടിക്കുന്ന പ്രവണത ഇല്ലായ്മ ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡ്) 22 ഡ്രൈവർമാർക്കെതിരെ നടപടികൾ എടുത്തിട്ടുണ്ട്.

(ഇ) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ടൗൺ-ടു-ടൗൺ ബസ്സുകൾക്ക് പെരിയയിലും പാലക്കുന്നിലും ഫെയർസ്റ്റേജ് ഏർപ്പെടുത്താൻ നടപടി

86 [2123] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ. എസ്. ആർ. ടി. സി.യുടെ ടൗൺ ടു ടൗൺ ബസ്സുകൾക്ക് നാഷണൽ ഹൈവേയിൽ (എൻ. എച്ച്.-17) പെരിയയിലും സ്റ്റേറ്റ് ഹൈവേ (കാസർഗോഡ്-ചന്ദ്രഗിരി-കാഞ്ഞങ്ങാട്)-ൽ പാലക്കുന്നിലും ഫെയർ സ്റ്റേജ് ഏർപ്പെടുത്തിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫെയർസ്റ്റേജ് ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടൗൺ-ടു-ടൗൺ സർവ്വീസുകൾക്ക് പുതിയതായി ഫെയർ സ്റ്റേജ് അനുവദിക്കുന്നത് കെ. എസ്. ആർ. ടി. സി.ക്ക് വരുമാന നഷ്ടത്തിന് ഇടയാക്കും. ആയതിനാൽ ഫെയർ സ്റ്റേജിൽ മാറ്റം വരുത്താൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ആസ്തി

87 [2124] ശ്രീമതി മേഴ്സി രവി:

ശ്രീ. സി. പി. മുഹമ്മദ്:

,, ഇ. എം. ആഗസ്തി:

,, കെ. എ. ചന്ദ്രൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-4-2004-ലെ കണക്കനുസരിച്ച് സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ അംഗീകൃത ആസ്തി എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly